നമ്പർ : ICPS 2/ 0937/2020

സംയോജിത ശിശു സംരക്ഷണ പദ്ധതി
വനിതാ ശിശു വികസന വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 17/03/2020

# സർക്കുലർ

വിഷയം : വനിതാ ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് :- കൊറോണ വൈറസ് ബാധ - ജെ.ജെ സ്ഥാപനങ്ങൾ - മാർഗനിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന :

സംസ്ഥാനത്ത് കൊറോണ വൈറസ് ബാധ കണ്ടെത്തിയ സാഹചര്യത്തിൽ വ്യാപനം തടയുന്നതിന് ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികളും ജീവനക്കാരും അടിയന്തിരമായി സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- മാതാപിതാക്കൾ ഉള്ള കുട്ടികൾക്ക് സ്വന്തം വീടുകളാണ് സുരക്ഷിതമെങ്കിൽ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ ഉത്തരവോടു കൂടി അവരവരുടെ വീടുകളിലേയ്ക്ക് വിടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സ്ഥാപനത്തിലെ കുട്ടികൾക്കും ജീവനക്കാർക്കും കൃത്യമായ ഇടവേളകളിൽ ആരോഗ്യ വകുപ്പിൻെറ സഹായത്തോടെ കൊറോണ രോഗനിയന്ത്രണവും പ്രതിരോധത്തേയും കുറിച്ചുമുള്ള ബോധവത്കരണ ക്ലാസുകൾ നൽകേണ്ടതാണ്. ഇതിനായി എല്ലാ സൂപ്രണ്ടുമാരും അതാത് സ്ഥലങ്ങളിലെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെടേണ്ടതാണ്.
- സ്ഥാപനത്തിലെ ജീവനക്കാർ/കുട്ടികൾ സ്ഥാപനത്തിനു പുറത്ത് പോയി വരുമ്പോൾ കൈകാലുകൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയായി കഴുകേണ്ടതാണ്.
- സ്ഥാപനത്തിൽ സാനിറ്റൈസർ, ഹാൻഡ് വാഷ് എന്നിവ നിർബന്ധമായും സൂക്ഷിക്കേണ്ടതും ആയത് കുട്ടികൾക്ക് ഉപയോഗിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. ഇതിനായി ആവശ്യമായ തുക ഐ.സി.പി.എസ് കണ്ടിജൻസി ഇനത്തിൽ നിന്നും വഹിക്കാവുന്നതാണ്.
- കുട്ടികളുടെ വസ്ത്രങ്ങളും മറ്റും ബ്ലീച്ചിംഗ് സൊല്യൂഷനിൽ കുറഞ്ഞത് 20 മിനിട്ട് എങ്കിലും മുക്കി വച്ചതിനു ശേഷം മാത്രം കഴുകേണ്ടതാണ്.
- സ്ഥാപനത്തിലെ കുട്ടികൾക്ക്/ജീവനക്കാർക്ക് പനിയോ, ചുമയോ, ജലദോഷമോ മറ്റ് ശ്വസനരോഗങ്ങൾ പിടിപെട്ടിട്ടുണ്ടെങ്കിൽ ഉടൻ തന്നെ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെടേണ്ടതും കുട്ടികളുമായി നേരിട്ടുള്ള സമ്പർക്കം ഒഴിവാക്കേണ്ടതാണ്.

PTO

- സ്ഥാപനങ്ങളിൽ സന്ദർശകരെ പരമാവധി ഒഴിവാക്കേണ്ടതാണ്.
- കുട്ടികൾക്കുള്ള വിനോദയാത്ര ഈ സമയത്ത് കർശനമായി ഒഴിവക്കേണ്ടതാണ്.
- രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് സ്ഥാപനങ്ങളിലെ ജീവനക്കാരെ ബോധവാന്മാരാക്കേണ്ടതാണ്.
- സ്ഥാപനത്തിലെ ജീവനക്കാർ പൊതു പരിപാടികളിൽ നിന്നും പരമാവധി വിട്ടു നിൽക്കേണ്ടതാണ്.
- കൊറോണ വൈറസുമായി ബന്ധപ്പെട്ട് പ്രതിദിനം ആരോഗ്യ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.
- കൊറോണ വൈറസുമായി ബന്ധപ്പെട്ട് സമൂഹമാധ്യമങ്ങൾ വഴി പ്രചരിക്കുന്ന തെറ്റായ വാർത്തകളെ സംബന്ധിച്ച് കുട്ടികളെ ബോധവത്കരിക്കേണ്ടതാണ്.

വനിതാ ശിശു വികസന വകുപ്പ്
ഡയറക്ടർക്കു വേണ്ടി

എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ടുമാർക്കും

<u>പകർപ്പ്:(അറിവിലേയ്ക്കായി)</u>

1. എല്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ